**ഖനിജ ഇന്ധനമുക്ത സോഷ്യലിസ്റ്റ് സമൂഹത്തിന് അനുരൂപമായ രീതിയിൽ, നിയോഗിയിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് നവതൊഴിലാളി പ്രസ്ഥാനങ്ങൾക്ക് എങ്ങനെ മുന്നോട്ട് പോകാം എന്ന് രാഷ്ട്രീയ ചിന്തകനും ട്രേഡ്‌യൂണിയൻ സൈദ്ധാന്തികനുമായ**

**ടി. വിജേന്ദ്ര**

# നിയോഗിയുടെ പൈതൃകം തുടരാം

സഖാവ് ശങ്കർ ഗുഹാ നിയോഗി (ഫെബ്രുവരി 14, 1943- സെപ്തമ്പർ 28, 1991) മുതലാളിവർഗ്ഗത്തിന്റെ കങ്കാണിമാരാൽ കൊലചെയ്യപ്പെട്ടിട്ട് രണ്ട് പതിറ്റാണ്ടിലേറെ കഴിഞ്ഞു. കണ്ണബീരാനെപ്പോലുള്ള പ്രഗത്ഭരായ അഭിഭാഷകരുടെ ശ്രമങ്ങൾ ഉണ്ടായിട്ടുപോലും ഉദ്യോഗസ്ഥ-കോടതി- മൂലധന ശക്തികളുടെ ഇടപെടൽ കാരണം അദ്ദേഹത്തിന്റെ കൊലയാളികൾ ശിക്ഷിക്കപ്പെടാതെ പോവുകയാണുണ്ടായത്. ഈയൊരറ്റ സംഭവം തെളിയിക്കുന്നത് നിയോഗിയുടെ പ്രവർത്തനങ്ങൾ ഖനി മുതലാളിമാർക്ക് എത്രമാത്രം ഭീഷണിയായിരുന്നെന്നും തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങൾക്ക് അദ്ദേഹം എത്രവലിയ സമ്പത്തായിരുന്നു എന്നുമാണ്.

## നിയോഗിയുടെയും പ്രസ്ഥാനത്തിന്റെയും അപൂർവ്വ ലക്ഷണങ്ങൾ

രാജ്യത്തെ മറ്റ് തൊളിലാളി നേതാക്കന്മാരിൽ നിന്നും വ്യത്യസ്തമായി തൊഴിലാളി വർഗ്ഗത്തിൽ നിന്നും വളർന്നുവന്ന ഒരു തൊഴിലാളി നേതാവായിരുന്നു നിയോഗി. ദിവസക്കൂലിക്ക് തൊഴിലെടുക്കുന്ന തൊഴിലാളിയെന്ന നിലയിലും ഭിലായ് സ്റ്റീൽ പ്ലാന്റിലെ അംഗീകൃത തൊഴിലാളിയെന്ന നിലയിലും ഒക്കെ നിയോഗി ജോലിചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ സംഘടനയായ സി.എം.എസ്.എസ് ഭിലായിലെ എല്ലാ തൊഴിലാളി വിഭാഗങ്ങളെയും പ്രതിനിധീകരിച്ചിട്ടുണ്ട്. രാഷ്ട്രീയ സംഘടനയായ ഛത്തീസ്ഗഢ് മുക്തിമോർച്ച കർഷകരെയും തൊഴിലാളികളെയും സാധാരണക്കാരെയും ഉൾക്കൊള്ളുന്നതാണ്.


തൊഴിലാളി വർഗ്ഗ പോരാട്ടങ്ങളോടൊപ്പം തന്നെ ഭാവിയിലെ സോഷ്യലിസ്റ്റ് സമൂഹത്തെ സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടും നിയോഗി സൂക്ഷിച്ചിരുന്നു. തൊഴിലാളികളുടെ ദൈനംദിന സമരങ്ങളിൽ ഈ കാഴ്ചപ്പാടുകൾ വിളക്കിച്ചേർക്കാനുള്ള കഴിവും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുദ്രാവാക്യം തന്നെ സംഘർഷ് (സമരം) ഔർ നിർമ്മാൺ എന്നായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും

കാഴ്ചപ്പാടുകളും രാജ്യത്തെ വിഖ്യാത മായ യൂനിവേർസിറ്റികളിൽ നിന്നുമു ള്ള ബുദ്ധിജീവികളെയും ആക്ടിവി സ്റ്റുകളെയും അദ്ദേഹത്തിന്റെ പ്രവർ ത്തനങ്ങളിലേക്ക് ആകർഷിക്കുന്നതാ യിരുന്നു.

ദല്ലിരാജ്ഹാരയിലെ ഷഹീദ് ഹോ സ്പിറ്റലിന്റെ കഥ പ്രചലിതമാണ്. വെല്ലൂരിലെയും കൽക്കത്തയിലെയും ഡോക് ടർമാർ ഇവിടെ ജോലിചെയ്യു ന്നതിനായി എത്തുകയുണ്ടായി. ഡോ. ബിനായക് സെൻ, ഡോ. അനീഷ് കു ണ്ടു, ഡോ. പുണ്യബ്രത് ഗുൺ, ഡോ. ജെന തുടങ്ങിയ നിരവധി പേർ ഷ ഹീദ് ഹോസ്പിറ്റലിൽ സന്നദ്ധസേവ നത്തിനായ് എത്തിപ്പെട്ടു. ഡോ. ഇലീ ന സെൻ, സുധാ ഭരദ്വാജ്, ഡോ. അ നിൽ സദ്ഗോപാൽ, വിദ്യാധർ ഗാഡ് ഗിൽ, മരൈറ്റെ കോറീ, അരവിന്ദ് ഗു പ്ത, സീതാറാം ശാസ്ത്രി എന്നിവരും ഛത്തീസ്ഗഢിനെ തങ്ങളുടെ വീടാ ക്കി മാറ്റുകയുണ്ടായി.

മറ്റേത് തൊഴിലാളി വർഗ്ഗ പ്രസ്ഥാ നത്തിനും ഈ രീതിയിൽ മധ്യവർഗ്ഗ വിഭാഗത്തിൽ പെട്ട ബുദ്ധിജീവികളു ടെയും ആക്ടിവിസ്റ്റുകളുടെയും പി ന്തുണ നേടിയെടുക്കാൻ സാധിച്ചിട്ടില്ല. ഇതിനുള്ള കാരണം, തൊഴിലാളികളു ടെ അവകാശ സംരക്ഷണത്തോടൊപ്പം തന്നെ ആരോഗ്യം, വിദ്യാഭ്യാസം, രാ ഷ്ട്രീയം, സാങ്കേതികവിദ്യ തുടങ്ങി ജീവിതത്തിന്റെ സമസ്തമേഖലകളി ലും മറ്റ് വിഭാഗങ്ങളെ കൂടി കണ്ണികളാ ക്കാൻ സാധിക്കുന്നവിധത്തിലുള്ള ഒ രു വീക്ഷണം നിയോഗിക്ക് സ്വന്തമാ യുണ്ടായിരുന്നു എന്നുള്ളതാണ്.

തൊഴിലാളി വർഗ്ഗപ്രസ്ഥാനങ്ങളി ലെ ആശയപരമായ പുത്തൻ ധാര കൾ സ്വാംശീകരിച്ചിരുന്നവരിൽ നി യോഗി ഒറ്റയാനായിരുന്നില്ല, ബോം ബെയിലെ തങ്കപ്പൻ, ചെന്നൈയിലെ സുബ്ബു തുടങ്ങിയ നിരവധി തൊഴിലാ ളി നേതാക്കൾ ഇത്തരം ആശയങ്ങൾ പങ്കുവെച്ചവരായിരുന്നു. എന്നാൽ 90ക ളോടെ, നരസിംഹറാവുവിന്റെയും മൻ മോഹൻസിംഗിന്റെയും നേതൃത്വത്തിൽ ഉദാരവൽക്കരണ നയങ്ങൾ ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ പിടിമുറുക്കുക യും മുതലാളിത്ത വ്യവസ്ഥയോട് തു റന്നരീതിയിൽ കൂറുപുലർത്തുന്ന അ വസ്ഥയിലേക്ക് ചെന്നെത്തുകയും ചെ യ്തു. സിവിൽ സമൂഹത്തിന്റേതായ മ ണ്ഡലങ്ങൾ പതുക്കെ അപ്രത്യക്ഷമാ



ടി. വിജേന്ദ്ര

കുന്നതിനും രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിക്കുന്നതിനും മധ്യവർഗ്ഗ ത്തിന് ചില ആനുകൂല്യങ്ങൾ അനുവ ദിക്കുന്നതിനും ഇത് ഇടയാക്കി. വിവര സാങ്കേതികവിദ്യ വൻതോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഇത് മുതലാളിത്ത വർഗ്ഗത്തിന്റെ ധാർഷ്ട്യം വളർത്തുന്നതിലേക്കും നിയോഗിയുടെ വധത്തിലേക്കും നയിച്ചു.

എന്നിരുന്നാലും കഴിഞ്ഞ ഒരു ദ ശാബ്ദത്തിനിടയിൽ ജനകീയ പ്രസ്ഥാ നങ്ങൾക്ക് അനുകൂലമായൊരന്തരീ ക്ഷം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പുത്തൻ ഉദാരവൽക്കരണ നയങ്ങൾക്ക് അടിപ തറുന്നതും മുതലാളിത്ത വ്യവസ്ഥ വൻ പ്രതിസന്ധിയെ നേരിടുന്നതും നാം കാണുന്നു. 2008 മുതൽ ലോക മൊട്ടാകെ ആഴത്തിലുള്ള സാമ്പത്തി ക പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരി ക്കുകയാണ്. അമേരിക്കയിൽ നിന്നാരം ഭിച്ച് (ജാപ്പാൻ രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പുതന്നെ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു) യൂറോപ്പി ലേക്ക് പടർന്നുകയറിയ സാമ്പത്തിക പ്രതിസന്ധി ഇപ്പോൾ ഇന്ത്യയെയും ചൈനയെയും ബാധിച്ചിരിക്കുകയാ ണ്. ഇതിൽ നിന്ന് രക്ഷപ്പെടാനുള്ള സാധ്യത ആർക്കും പ്രവചിക്കാൻ സാ ധിക്കുന്നില്ലെന്ന് മാത്രമല്ല, സമീപഭാ വിയിലൊന്നും ഇത് ഒഴിഞ്ഞുപോകി ല്ലെന്നും നിരീക്ഷിക്കപ്പെടുന്നു.

രണ്ടുതരം പ്രതിസന്ധിയാണ് ഒരു മിച്ച് വന്നിരിക്കുന്നത്– ആഗോളതാപ നവും എണ്ണയുത്പാദനത്തിലെ പാര മ്യതയും (Peak Oil). ആഗോളതാപന ത്തിന് പ്രാഥമിക കാരണമായിരിക്കു ന്നത് ഖനിജ ഇന്ധനങ്ങളുടെ ഉപയോ ഗമാണ്. അത് കാലാവസ്ഥയെ പ്രതി കൂലമായി ബാധിച്ചുകൊണ്ടിരിക്കുക യാണ്, ഏറ്റവും കൂടുതൽ ചൂടനുഭവ പ്പെട്ട വർഷങ്ങൾ ഈ ദശാബ്ദത്തിലാ ണ് ഉണ്ടായിട്ടുള്ളത്. ഈ വർഷത്തെ വേനൽക്കാല താപനില വലിയൊരു ക്ഷാമത്തിലേക്ക് നയിക്കാമെന്ന ഉത്ക ണ്ഠ ഇപ്പോൾ ശക്തമായിത്തുടങ്ങിയി രിക്കുന്നു. നമ്മുടെ ഉപഭോഗം കുറയ് ക്കുന്നില്ലായെങ്കിൽ പ്രതിസന്ധികളുടെ ഉച്ചസ്ഥായിയിലേക്ക് വൈകാതെ നാം എത്തിച്ചേരുമെന്ന് ചില ശാസ്ത്രജ്ഞ ന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ആഗോ ളതതാപനം തന്നെ ആഗോളതാപന ത്തിലേക്ക് കൂടുതൽ അടുപ്പിക്കുന്ന ഒ രവസ്ഥയിലായിരിക്കും ഇതു സംഭവി ക്കുക.

എണ്ണയുൽപ്പാദനത്തിൽ സംഭവിച്ച പാരമ്യത വിഭവങ്ങളുടെ ശോഷണ ത്തെയാണ് പ്രതിനിധീകരിക്കുന്നത്. നമ്മൾ ഖനനം ചെയ്തെടുക്കുന്ന പല ധാതുക്കളും കൽക്കരി, എണ്ണ, ലോഹ ങ്ങൾ തുടങ്ങിയവയുടെ നിക്ഷേപം അനന്തമല്ല. അവയുടെ പാതിയോളം നാം ഉപയോഗിച്ച് തീർത്തിരിക്കുന്നു, ഇനി സംഭവിക്കുന്നത് ഉത്പാദനത്തി ലെ കുത്തനെയുള്ള ഇടിവാണ്. ഇ തോടൊപ്പം അവയുടെ വിലയിൽ സം ഭവിക്കുന്ന ഉയർച്ചയും. സാമ്പത്തിക മേഖലയിലെ പ്രതിസന്ധിയാണ് ഇതി ന്റെ പരിണതഫലം. നിലനിൽക്കുന്ന വ്യവസ്ഥകൾ പൂർണ്ണമായും തകർന്നടി യുക എന്നതാണ് സംഭവിക്കാൻ പോ കുന്നത്.

ഈയൊരു പ്രതിസന്ധി നിരവധി ജനകീയ പ്രസ്ഥാനങ്ങളുടെ ഉയിർ ത്തെഴുന്നേല്പിന് കാരണമായിട്ടുണ്ട്. ലക്ഷക്കണക്കിന് സാധാരണക്കാരായ ജനങ്ങൾ ആണവ–താപ നിലയങ്ങളെ യും വൻകിട അണക്കെട്ടുകളെയും പ്ര ത്യേകസാമ്പത്തിക മേഖലകളെയും എതിർത്തുകൊണ്ടിരിക്കുകയാണ്. പു തുതായി പല വിഭാഗങ്ങളും ഈ സമ രത്തിൽ അണിചേർന്നുകൊണ്ടിരിക്കു കയാണ്. ഇത്തരം രാക്ഷസീയ പദ്ധതി കളുടെ ഇരകളായ കർഷകരോടും തൊഴിലാളികളോടുമൊപ്പം പരിസ്ഥി തി പ്രവർത്തകരും പ്രൊഫഷണൽ സും കൈകോർക്കുകയാണ്.

## തൊഴിലാളി പ്രസ്ഥാനങ്ങൾ ഇന്ന്

നാശത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടി രിക്കുന്ന മുതലാളിത്തം തൊഴിലാളിവി

രുദ്ധ നയങ്ങളുടെ കാര്യത്തിലും വിഭവകൊള്ളയുടെ കാര്യത്തിലും കൂടുതൽ രാക്ഷസീയ സ്വഭാവം പ്രദർശിപ്പിക്കുകയാണ്. ഒരു ഭാഗത്ത് വ്യവസായശാലകൾ ഭാഗികമായോ പൂർണ്ണമായോ പൂട്ടിയിടപ്പെടുകയും തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ മറുഭാഗത്ത് ഭരണകൂടത്തിൽ നിന്ന് കൂടുതൽ അധീകാരങ്ങളും വിഭവങ്ങളും ആവശ്യപ്പെടുകയാണ്. കൊള്ളയടിക്കുക, കടന്നുകളയുക എന്നതാണ് അവരുടെ നയമെന്ന് വ്യക്തമാണ്. യാന (സെറാമിക് ഫാക്ടറി)മിലും മാനേസറി (മാരുതി കാർ ഫാക്ടറി)ലും നടന്നതുപോലുള്ള തൊഴിലാളികൾക്കുനേർക്കുള്ള ആക്രമണങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തൊഴിലാളി പ്രസ്ഥാനങ്ങളും പ്രതികരിക്കാൻ ആരംഭിച്ചിരിക്കുന്നു. നിയോഗി തെളിച്ച വഴിയിലൂടെ മുന്നോട്ടുനടക്കേണ്ട ആവശ്യകതയെക്കുറിച്ച് ചില സംഘടനകളെങ്കിലും തിരിച്ചറിയുന്നുണ്ട്.



യന്ത്രവത്കൃത വ്യാവസായിക വിപ്ലവം തൊഴിലാളികളുടെ ജീവിതത്തെ ഗ്രസിച്ചതെങ്ങനെയെന്ന് നർമ്മത്തിലൂടെ വിശദമാക്കിയ ചാർളി ചാപ്ലിന്റെ മോഡേൺ ടൈംസ് എന്ന സിനിമയിലെ ദൃശ്യം

### സോഷ്യലിസം ഇന്ന്: കാഴ്ചപ്പാട്

1. മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ്. അവൻ അതിനോട് ചേർന്നു നിന്ന് വേണം കഴിയാൻ, മറിച്ച് അതിൽനിന്ന് അകന്നുനിന്നാകരുത്.
2. മനുഷ്യസമൂഹത്തിനുള്ളിൽ സമത്വം, സാഹോദര്യം, ജനാധിപത്യം എന്നിവ ഉണ്ടായിരിക്കണം.
3. രാഷ്ട്രങ്ങൾ വളരെ ചെറുതായിരിക്കണം. രാഷ്ട്രങ്ങളുടെ അതിരുകൾ പാരിസ്ഥിതികമായ വൈജാത്യങ്ങൾക്കനുസരിച്ചായിരിക്കണം നിർണ്ണയിക്കപ്പെടേണ്ടത്.
4. ചെറുരാഷ്ട്രങ്ങൾക്കുള്ളിൽ തന്നെ വികേന്ദ്രീകൃതമായ ഭരണ വ്യവസ്ഥകൾക്കു പ്രാമുഖ്യം നൽകേണ്ടതുണ്ട്. വാർഡ് തലങ്ങൾ വരെയുള്ള എല്ലാ യൂനിറ്റുകളും ഫെഡറൽ വ്യവസ്ഥകളിലൂടെയായിരിക്കണം സംഘടിപ്പിക്കപ്പെടേണ്ടത്. കേന്ദ്രത്തിന് കുറഞ്ഞ അധികാരം മാത്രമേ ഉണ്ടാകാൻ പാടുള്ളൂ.
5. അടിസ്ഥാനതല കൂട്ടായ്മകൾ നേരിട്ടുള്ള ജനാധിപത്യരീതിയിൽ സംഘടിപ്പിക്കപ്പെടുകയും സ്വതന്ത്രമനുഷ്യരുടെ സ്വതന്ത്ര കൂട്ടായ്മ എന്ന നിലയിലേക്ക് വളരുകയും വേണം
6. ഇത്തരം സമൂഹങ്ങളിൽ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുമ്പോൾ പരിസ്ഥിതി സൗഹൃദപരമാകാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ജൈവകൃഷി മാർഗ്ഗങ്ങളിലൂടെ ഭക്ഷ്യപദാർത്ഥങ്ങൾ തയ്യാറാക്കേണ്ടതാണ്. ഭക്ഷ്യപദാർത്ഥങ്ങൾ സാധ്യമാകുന്നതും പ്രാദേശികമായി ഉത്പാദിപ്പിക്കാൻ ശ്രദ്ധിക്കുന്നത് ചരക്കുകളുടെ കടത്തും മറ്റും ഒഴിവാക്കുന്നതിന് സഹായിക്കും. സാങ്കേതികവിദ്യകളെ പൂർണ്ണമായും ഒഴിവാക്കിക്കളയാം എന്നല്ല വിവക്ഷ.
7. മാനവരാശിക്ക് മുന്നിൽ 21ാം നൂറ്റാണ്ടിലെ ഏറ്റവും സുപ്രധാന കർമ്മപരിപാടിയെന്നത് മുതലാളിത്തം തകർത്തെറിഞ്ഞ് ഭൂമിയുടെ പാരിസ്ഥിതിക സന്തുലനം തിരിച്ചുപിടിക്കുക എന്നുള്ളതായിരിക്കും. നാശത്തിന്റെ വക്കിൽ എത്തിനിൽക്കുന്ന ആവാസ വ്യവസ്ഥകളെയും സസ്യജാലങ്ങളെയും മൃഗങ്ങളെയും സംരക്ഷിക്കുന്നതിന് പ്രത്യേകശ്രദ്ധ നൽകേണ്ടതുണ്ട്.
8. പ്രധാന സാമൂഹിക അജണ്ട ചെറുസമൂഹങ്ങളെ പുനർനിർമ്മിക്കുക എന്നതായിരിക്കണം

### സോഷ്യലിസത്തിന്റെ വർത്തമാന വിശാല ലക്ഷ്യങ്ങൾ

1. സമത്വം
2. സമൂഹ പുനർനിർമ്മാണം
3. വിഭവ വിനിയോഗം കുറയ്ക്കൽ
4. പ്രാദേശിക സ്വയംപര്യാപ്ത
5. പരിസ്ഥിതി പുനരുജ്ജീവം

### തൊഴിലാളി പ്രസ്ഥാനങ്ങളുടെ പങ്ക് ?

ഉയർന്നു വേതനവ്യവസ്ഥകൾക്കു വേണ്ടി മാത്രമാണ് തൊഴിലാളി യൂനിയനുകൾ നിലകൊള്ളുന്നതെന്ന ആരോപണം ഇന്ന് പലപ്പോഴും ഉന്നയിക്കപ്പെടാറുണ്ട്. ഇതിനെ നീതിയുമായി ബന്ധപ്പെടുത്തി വേണം കാണാൻ. തങ്ങൾ ഉത്പാദിപ്പിക്കുന്ന മിച്ചമൂല്യത്തിന്റെ നല്ലൊരുഭാഗം തങ്ങൾക്കു ലഭിക്കേണ്ടതുണ്ടെന്ന് തൊഴിലാളികൾ ന്യായമായും കരുതുന്നു. മിച്ചമൂല്യത്തിന്റെ വലിയൊരു ഭാഗവും എന്തുകൊണ്ട് മുതലാളികൾക്ക് ലഭിക്കുന്നു? നിലവിലു ള്ള പ്രതിസന്ധിയിൽ അവരുടെ ആവശ്യം സ്വാഭാവികമാണ്. തൊഴിലാളികൾ അവരുടെ വരുമാനത്തിൽ കുറവു വരുത്തുകയും തൊഴിലുകൾ സംരക്ഷിക്കുകയും വേണം. രണ്ടാമതായി, വിഭവധൂർ ത്ത് (അത് തൊഴിലുടമകൾ അനർഹമായ ലാഭവിഹിതം നേടുന്നതായാലും, യുക്തിരഹിതമായ ഉത്പാദനവും ഉപഭോഗരീതികളായാലും) അവസാനിപ്പിക്കാത്തിടത്തോളം പുതിയ സമൂഹവും പുതിയ സാങ്കേതികവിദ്യകളും വിജയിക്കുവാൻ പോകുന്നില്ല.

ഈയൊരു യുക്തിസഹമായ ആവശ്യങ്ങളെ ഖനിജ ഇന്ധനമുക്തമായ സ മൂഹനിർമ്മാണത്തിനുള്ള പ്രാദേശികതലത്തിലുള്ള ആസൂത്രണവുമായി സംയോജിപ്പിക്കേണ്ടതുണ്ട്. നമുക്ക് ശൂന്യതയിൽ കാര്യങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയില്ല. അത് ഓരോ പ്രദേശ ങ്ങളിലെയും യഥാർത്ഥ അവസ്ഥകളെ യും തൊഴിലാളി വർഗ്ഗങ്ങൾ നേരിടുന്ന പ്രശ്നങ്ങളെയ മുൻനിർത്തിയും

ആയിരിക്കണം.

മുതലാളിത്തത്തിന്റെ തകർച്ചയുമായി ബന്ധപ്പെട്ട ആറ് മർമ്മപ്രധാനങ്ങളായ പ്രശ്നങ്ങളാണ് തൊഴിലാളി പ്രസ്ഥാനങ്ങൾ നേരിടുന്നത്.

1. മൂലധനം അപ്രത്യക്ഷപ്പെടുകയും വ്യവസായ യൂനിറ്റുകൾ അടച്ചുപൂട്ടുകയും ചെയ്യുന്നു.
2. വ്യവസായങ്ങൾ നഷ്ടത്തിലോടുകയും അടച്ചുപൂട്ടൽ നടപടി ആസൂത്രണം ചെയ്യുകയും ചെയ്യുന്നു
3. മണ്ണും വെള്ളവും മലിനമാക്കുന്നതടക്കമുള്ള നിരവധി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സാമൂഹിക വൈരുദ്ധ്യങ്ങളുമായാണ് വ്യവസായങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.
4. പുതിയ വ്യവസായ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നത് ആദിവാസികളുടെയും കർഷകരുടെയും പരിസ്ഥിതിയുടെയും ചെലവിലാണ് അല്ലെങ്കിൽ ഖനിജ ഇന്ധനമുക്തമായ ഒരു ഭാവി സമൂഹനിർമ്മാണത്തിന്റെ യുക്തികൾക്ക് നിരക്കാതെയാണ്.
5. പ്രാദേശിക സാമ്പത്തിക പരിതസ്ഥിതികൾക്ക് അനുരൂപമായാണ് വ്യാവസായങ്ങൾ രൂപപ്പെടുന്നതെങ്കിൽ അത് ഭാവിയിലെ ഖനിജ ഇന്ധന സമൂഹവുമായി വളരെ സഹജമായ രീതിയിൽ പൊരുത്തപ്പെട്ടുപോകുന്നതായിരിക്കും.
6. പുതിയ വ്യാവസായിക പ്രവർത്തനങ്ങൾ ഖനിജ ഇന്ധനമുക്ത സോഷ്യലിസ്റ്റ് സമൂഹത്തിന് അനുരൂപമായ രീതിയിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## പ്രസ്ഥാനങ്ങളുടെ പ്രതികരണങ്ങൾ

1. ആദ്യപ്രശ്നത്തിൽ തന്നെ ശ്രദ്ധകേന്ദ്രീകരിക്കേണ്ടതുണ്ട്. കാരണം, അത് വളരെ ഗൗരവമായ അവസ്ഥയിലേക്കെ ത്തി നിൽക്കുന്നുവെന്നതും പുതിയ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആസൂത്രണം ചെയ്യപ്പെടേണ്ടതുമുണ്ട്. ആദ്യം ചെയ്യേണ്ടത്, ഉപേക്ഷിക്കപ്പെട്ട യൂനിറ്റുകളുടെ വിഭവങ്ങൾ – ഭൂമി, കെട്ടിടങ്ങൾ, താമസസൗകര്യങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ– എത്രയും പെട്ടെന്നുതന്നെ തിരിച്ചുപിടിക്കേണ്ടതാണ്. തൊഴിലാളി വർഗ്ഗങ്ങൾക്കിടയിലെ ഏറ്റ വും അവശത അനുഭവിക്കുന്ന വിഭാഗങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് അവരു ടെ അവശത പരിഹരിച്ചുകൊണ്ടായിരിക്കണം ആരംഭിക്കേണ്ടത്. എന്നിരുന്നാലും പരസ്പര സഹകരണത്തിന്റേതായ പുതിയചുവടുവെപ്പുകളിലൂടെ പുതിയൊരു സാമൂഹിക ബോധം ഉൾക്കൊള്ളുന്നതായിരിക്കണം ഇത്തരം പ്രവർ ത്തനങ്ങൾ. തൊഴിലാളികൾക്ക് ഭക്ഷണവും പാർപ്പിടവും ഒരുക്കിക്കൊണ്ട് ആരംഭിക്കാം. പൊതു അടുക്കളയാകട്ടെ ആദ്യം. അതേസമയം തന്നെ ആ മേഖലയിലെ മറ്റ് തൊഴിലാളികളുമായുള്ള സംവാദങ്ങളും ആരംഭിക്കേണ്ടതുണ്ട്, അത് അനൗപചാരിക മേഖലയിലെ തൊഴിലാളികളും, കർഷകരും, കരകൗശല വിദഗ്ദ്ധന്മാരും മാത്രമായിരിക്കില്ല മറിച്ച് ആ മേഖലയിലെ ബദൽ സാധ്യതകളെക്കുറിച്ച് ധാരണയുള്ള പ്രൊഫഷണൽസും അടങ്ങുന്നതായിരിക്കും. സാധ്യമായിടങ്ങളിലൊക്കെ രാഷ്ട്രീയ സംഘടനകളുടെ -എൻഎപിഎം, നക്സലൈറ്റ്സ് തുടങ്ങിയ- സഹകരണത്തോടെ പതുക്കെ ഒരു കൂട്ടായബദലുകൾ രൂപപ്പെടുത്തേണ്ടതുണ്ട്. തീർച്ചയായും ഭരണകൂട തിരിച്ചടികൾ നേരിട്ടും അല്ലാതെയും ഉണ്ടാകാം. ഇവിടെയാണ് ബഹുജന പിന്തുണ വൻതോതിൽ ആവശ്യമായി വരുന്നത്. തൊഴിലാളി പ്രസ്ഥാനങ്ങൾക്കുള്ളിൽ എല്ലാ പ്രാദേശിക യൂനിയനുകളും ഒരു മിച്ച് ചേർന്ന് പുതിയൊരു പാത സ്വീകരിക്കേണ്ടതുണ്ട്. കോലാർ സ്വർണ്ണഖനി, സിന്ദ്രി ഫെർട്ടിലൈസർ ഫാക്ടറി തുടങ്ങിയ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ അവസരത്തിൽ നാം ചില അവസരങ്ങൾ നഷ്ടപ്പെടുത്തി എന്നുതന്നെ പറയാം. കോലാറിൽ ടൗൺഷിപ്പ് അപ്പാടെ തന്നെ സർക്കാർ തൊഴിലാളികൾക്കായി വാഗ്ദാനം ചെയ്യുകയുണ്ടായി.

2. മുൻകാലങ്ങളിൽ വ്യവസായങ്ങൾ അടച്ചുപൂട്ടാൻ ഒരുങ്ങുമ്പോൾ തൊഴിലാളി സംഘടനകൾ അവ വിഫലമാക്കാൻ ശ്രമിക്കാറുണ്ട്. ഇന്ന് അത് ഉപദേശിക്കുവാൻ സാധ്യമല്ല. തൊഴിൽശാലകൾ അടച്ചുപൂട്ടുന്നതിനുമുന്നെ തന്നെ തൊഴിലാളികളുടെ പങ്ക് ആവശ്യപ്പെടുക എന്നതാണ് ഇന്ന് നല്ലത്. അത്തരം സന്ദർഭങ്ങളിൽ അടച്ചുപൂട്ടപ്പെടുന്ന വ്യവസായശാലകളുടെ വിഭവങ്ങൾ യൂനിയനുകൾ ഏറ്റെടുക്കുകയും പ്രാദേശിക പങ്കാളികളുടെ സഹകരണത്തോടെ പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കുകയും വേണം

3. പ്രാദേശിക ജനതയും പരിസ്ഥിതി സംഘങ്ങളുമായും വ്യവസായങ്ങളും തൊഴിലാളി സംഘടനകളും ഏറ്റുമുട്ടേണ്ടിവരുന്ന ഒരു മർമ്മപ്രധാനമായൊരു വൈരുദ്ധ്യം ഇന്ന് നിലനിൽക്കുന്നുണ്ട്. അതിനുള്ള ഏറ്റവും നല്ല ഉദാഹരണം പ്ലാച്ചിമടയിലെ കൊക്കൊകോള ഫാക്ടറിയാണ്. ഇവിടെ ഏറ്റവും അവശ്യമായി തോന്നുന്ന സംഗതി എല്ലാ പങ്കാളികളും തമ്മിൽ സംവാദം ആരംഭിക്കുക എ ന്നുള്ളതാണ്. പിന്നീട് എല്ലാവർക്കും ഉ ചിതമായതും തൃപ്തികരവുമായ ഒരു ലക്ഷ്യത്തേലേക്കെത്തിച്ചേരുവാൻ പരിശ്രമിക്കുക (കമ്പനി അടച്ചുപൂട്ടി പരിസ്ഥിതി സൗഹൃദപരമായ ബദലുകൾ കണ്ടെത്തുക).

4. തികച്ചും യുക്തിരഹിതമായ വ്യാവസായിക പ്രവർത്തനങ്ങൾ ആ രംഭിക്കുമ്പോൾ നമ്മുടെ വഴി വ്യക്തമാണ്. മറ്റുള്ള സംഘടനകളുമായി ചേർന്നു നിന്നുകൊണ്ട് അവയെ എതിർ ത്തു തോൽപ്പിക്കുകയും പ്രാദേശിക ബദൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും വേണം. ഉദാഹരണത്തിന് ക ൽക്കരി താപനിലയങ്ങൾക്കും ആണവനിലയങ്ങൾക്കും വൻകിട അണക്കെട്ടുകൾക്കും പ്രത്യേക സാമ്പത്തിക മേഖലകൾക്കും എതിരായി ഇന്നു നടക്കുന്ന പ്രക്ഷോഭങ്ങൾ.

5. ഭാവി ഖനിജ ഇന്ധനമുക്ത സമൂഹത്തിന് സഹായകമായി വർത്തിക്കുന്ന വ്യവസായങ്ങളെ നിലനിർത്താൻ പ്രയത്നിക്കേണ്ടതാണ്. തൊഴിലാളികളുടെ ഉയർന്ന പങ്കാളിത്തം, നല്ല തൊഴിൽസാഹചര്യങ്ങൾ, വ്യവസായങ്ങളെ പരിസ്ഥി തി സൗഹൃദപരമാക്കൽ തുടങ്ങിയവയ്ക്കായ് ഒരുമിച്ച് മുന്നേറേണ്ടതുണ്ട്. അരി–എണ്ണ–തുണി മില്ലുകൾ, സൈക്കിൾ ഫാക്ടറികൾ തുടങ്ങിയവ ഉദാഹരണം.

6. അവസാനമായി, പുതിയ വ്യാവസായിക പ്രവർത്തനങ്ങൾ ആസൂത്ര ണം ചെയ്യുന്നിടങ്ങളിൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങളുടെ പൂർ ണ്ണമോ ഭാഗികമോ ആയ പങ്കാളിത്തം ഉപയോഗപ്പെടുത്താവുന്നതാണ്.

സമരവും നിർമ്മാണപ്രവർത്തനങ്ങ ളും എന്ന പുത്തൻ മുദ്രാവാക്യം ഈ ലേഖകന്റെ അഭിപ്രായത്തിൽ ശങ്കർ ഗുഹാ നിയോഗിയുടെ യഥാർ ത്ഥപൈ തൃകവും അദ്ദേഹത്തിന്റെ ഓർമ്മകൾ ക്കുള്ള ആദരാഞ്ജലികളുമാണ്.